# ഒയാസിസ്

## റിവിഷൻ പാക്കേജ്

## പത്താം തരം

## അടിസ്ഥാന പാഠാവലി

ജില്ലാ വിദ്യാഭ്യാസ പരിശീലന സ്ഥാപനം (ഡയറ്റ്)
ഇടുക്കി, തൊടുപുഴ
**2020-21**

ശിൽപശാലയിൽ പങ്കെടുത്തവർ

1. രാധിക പി.ബി

   എച്ച്.എസ്.ടി (മലയാളം)

   ജി.ടി.എച്ച്.എസ്.എസ് പൂമാല

2. ജനി വി രാഘവൻ

   എച്ച്.എസ്.ടി (മലയാളം)

   ജി.വി.എച്ച്.എസ്.എസ് തട്ടക്കുഴ

3. പി.കെ. സുരേഷ്

   എച്ച്.എസ്.ടി (മലയാളം)

   ജി.എച്ച്.എസ്.എസ് വെസ്റ്റ് കോടിക്കുളം

അക്കാദമിക മേൽനോട്ടം

**എ.എം. ഷാജഹാൻ**

ലക്ചറർ, സി.എം.ഡി.ഇ ഫാക്കൽറ്റി, ഡയറ്റ്, ഇടുക്കി

---


ജില്ലാ വിദ്യാഭ്യാസ പരിശീലന സ്ഥാപനം (ഡയറ്റ്)

ഇടുക്കി, തൊടുപുഴ

ഫോൺ: **04862 226990** **email: dietidukki@gamil.com**

**website: www.dietidukki.in**

# റിവിഷൻ പാക്കേജിനെക്കുറിച്ച്

'മൾട്ടിപ്പിൾ റപ്രസന്റേഷൻ ഓഫ് റിയാലിറ്റി' എന്ന ആശയത്തിന് ജ്ഞാനനിർമ്മിതി സമീപനത്തിൽ വളരെ പ്രധാന്യമുണ്ട്. Glasersfeld (2008; 1991; 1989) ന്റെ അഭിപ്രായത്തിൽ യഥാർത്ഥ ലോകവുമായി ബന്ധപ്പെട്ട് ഒരാളുടെ തലച്ചോറിൽ ഉണ്ടാകുന്ന രൂപം യഥാർത്ഥ ലോകത്തെ കൃത്യമായി പ്രതിഫലിപ്പിക്കുന്നുവെന്ന് നമുക്ക് യാതൊരു ഉറപ്പുമില്ല. ഇത് മനുഷ്യന്റെ സംവേദനവ്യവസ്ഥ യാഥാർത്ഥ്യത്തെ തലച്ചോറിൽ എങ്ങനെ ക്രമീകരിക്കുകയും രൂപപ്പെടുത്തുകയും ചെയ്യുന്നതിനെ ആശ്രയിച്ചിരിക്കുമത്രേ! ഗ്ലെയ്സേർസ് ഫെഡിന്റെ ജ്ഞാനനിർമ്മിതിവാദം റാഡിക്കൽ കൺസ്ട്രക്റ്റിവിസം (Radical Constructivism) എന്ന പേരിലാണ് അറിയപ്പെടുന്നത്. ഒരാൾ ഒരു താമരപ്പൂ കാണുമ്പോൾ അയാളുടെ മനസ്സിൽ രൂപപ്പെടുന്ന ആശയം അഥവാ രൂപം യഥാർത്ഥ താമരപ്പൂവിന്റേതു തന്നെയാണോയെന്നത് നമ്മൾക്കെങ്ങനെ അറിയാൻ കഴിയും? അതുകൊണ്ടുകൂടിയാണ് പഠനപ്രക്രിയയിലുടനീളം മനസ്സിലാക്കിയ കാര്യങ്ങളെ പലരീതിയിൽ രേഖപ്പെടുത്താനുള്ള അവസരങ്ങൾ കുട്ടികൾക്ക് നൽകണമെന്ന് പറയുന്നത്. പദസൂര്യൻ, പട്ടിക, ആശയഭൂപടം, ചിത്രീകരണം, ഫ്ലോചാർട്ട്, ടൈംലൈൻ, മൈന്റ് മാപ്പിംഗ് തുടങ്ങി മറ്റു പല തരത്തിലുള്ള കൊഗ്നിറ്റീവ് ഓർഗനൈസേഷനുകളായി നേടിയ അറിവിനെ ക്രമീകരിക്കുന്നതിലൂടെ ഓരോ കുട്ടിയുടെയും മാനസികനില, അറിവിന്റെ തലം, വികാസം എന്നിവ അധ്യാപകർക്ക് കണ്ടെത്താൻ കഴിയും. ഇതിലൂടെ നേടിയ അറിവ് യാഥാർത്ഥ്യത്തോട് എത്ര മാത്രം അടുത്തുനിൽക്കുന്നു എന്നത് ഗുണാത്മകമായി വിശകലനം ചെയ്യാനും സാധിക്കുന്നു. ഇത്തരം രേഖപ്പെടുത്തലുകൾക്കുള്ള അവസരമൊരുക്കുന്നത് ബഹുമുഖ ബുദ്ധിയുമായി ബന്ധപ്പെട്ട് മാത്രമല്ലെന്ന് സാരം.

പഠനപ്രക്രിയയുടെ ഓരോ ഘട്ടത്തിലും കുട്ടിക്ക് ഇതിനുള്ള അവസരങ്ങൾ പല രീതിയിൽ അധ്യാപിക ഒരുക്കിക്കൊടുക്കുന്നതിനനുസരിച്ചായിരിക്കും രൂപപ്പെടുന്ന ഇത്തരം ഉല്പന്നങ്ങളുടെ വൈവിധ്യവും. ഇത് പഠനശേഷം നടക്കേണ്ട ഒരു കാര്യമല്ല. പഠനപ്രക്രിയയോടൊപ്പം നടക്കേണ്ടതായ ഒന്നാണ്. ഇത്തരം രേഖപ്പെടുത്തലുകൾ ആശയവ്യക്തതക്കും അറിവിന്റെ ഗുണമേന്മക്കും ഒഴിച്ചുകൂടാനാവാത്തതായി ജ്ഞാനനിർമ്മിതിവാദം പറയുന്നുണ്ട്. എന്നാൽ നിലവിലെ സാഹചര്യത്തിൽ അത്തരം അവസരങ്ങൾ ക്രിയാത്മകമായി ഒരുക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ല. പഠനശേഷം ലഭിച്ച അറിവിനെ ക്രമീകരിക്കുകയും ക്രോഡീകരിക്കുകയും ചെയ്യുന്നത് അറിവിനെ പ്രബലപ്പെടുത്തുകയും ആശയങ്ങളുടെ വ്യക്തത വർദ്ധിപ്പിക്കുകയും ചെയ്യുമെന്നതിനാലാണ് കോവിഡിന്റെ സവിശേഷ സാഹചര്യത്തിൽ പരീക്ഷയെ ആരോഗ്യകരമായി അഭിമുഖീകരിക്കുന്നതിനും കുട്ടികൾക്കുള്ള ആശങ്ക കുറക്കുന്നതിനുമായി ഇടുക്കി ഡയറ്റ് ഈ റിവിഷൻ പാക്കേജ് തയ്യാറാക്കിയിട്ടുള്ളത്.

പത്താം തരത്തിലെ വിവരവിനിമയസാങ്കേതികവിദ്യ ഒഴികെയുള്ള എല്ലാ വിഷയങ്ങളിലെയും എല്ലാ യൂണിറ്റുകളും ഉൾക്കൊള്ളിച്ചാണ് ഈ പാക്കേജ് തയ്യാറാക്കിയിട്ടുള്ളത്. എസ്. സി. ഇ. ആർ. ടി. തയ്യാറാക്കിയ ഫോക്കസ് മേഖലകൾക്ക് പ്രത്യേകം ഊന്നൽ നൽകി റിവിഷൻപാക്കേജ് ഉപയോഗിക്കാൻ എല്ലാ അധ്യാപകരും ശ്രദ്ധിക്കുമല്ലോ.


**പ്രിൻസിപ്പാൾ, ഡയറ്റ്, ഇടുക്കി.**

# യൂണിറ്റ്–1
# ജീവിതം പടർത്തുന്ന വേരുകൾ

**പാഠങ്ങൾ**

- പ്ലാവിലക്കഞ്ഞി
- ഓരോ വിളിയും കാത്ത്
- അമ്മത്തൊട്ടിൽ

I. <u>**വേരുകൾ–ബന്ധങ്ങൾ**</u>




- അമ്മയാണ് ഭൂമി-അമ്മയെയും ഭൂമിയെയും ഒരുപോലെ സ്നേഹിക്കണം.
- ബന്ധങ്ങൾക്കു വിള്ളൽ സംഭവിക്കുമ്പോൾ ജീവിതത്തിൽ പ്രതിബന്ധങ്ങൾ ഉണ്ടാകുന്നു.
- ജീവിതം കെട്ടിപ്പടുക്കുന്നത് ഈ ബന്ധങ്ങളിൽ ആണ്.
- ഭൂമിയോടും അമ്മയോടുമുള്ള ബന്ധം നാം എപ്പോഴും കാത്തുസൂക്ഷിക്കണം.

II

| കൃതി | പ്രസ്ഥാനം | എഴുത്തുകാരൻ | പ്രമേയം |
|---|---|---|---|
| രണ്ടിടങ്ങഴി | നോവൽ | തകഴി | കുട്ടനാടൻ കർഷകജീവിതം |
| ഓരോ വിളിയും കാത്ത് | കഥ | യു.കെ. കുമാരൻ | കുടുംബബന്ധങ്ങളുടെ ഊഷ്മളത. |
| അമ്മത്തൊട്ടിൽ | കവിത | റഫീക്ക് അഹമ്മദ് | വാർധക്യത്തിലെ അനാഥത്വം |

**പ്ലാവിലക്കഞ്ഞി**

**III പേരും പൊരുളും**

- ജന്മി കുടിയാൻ വ്യവസ്ഥ നിലനിന്നിരുന്ന കാലഘട്ടത്തിലെ സാമൂഹികാവസ്ഥ
- കർഷകർ അനുഭവിച്ചിരുന്ന യാതനകൾ-ദാരിദ്ര്യം, ചൂഷണം
- ഓണം പിറന്നാലും ഉണ്ണി പിറന്നാലും കോരനു കുമ്പിളിൽ തന്നെ കഞ്ഞി

**IV സ്നേഹബന്ധങ്ങൾ ജീവിതത്തിന്റെ നെടുംതൂൺ**

• മതിയായ കൂലിയും, ഭക്ഷണവും ഇല്ലാതെ ദാരിദ്ര്യത്തിനും ചൂഷണത്തിനും വിധേയരാകുന്ന കർഷകർ.

• ഇല്ലായ്മകളെ സ്നേഹം കൊണ്ട് മറികടക്കുന്നു.

(കോരൻ, ചിരുത, അച്ഛൻ-സ്നേഹബന്ധം)

**V സാമൂഹിക പ്രതിഫലനം-പ്ലാവിലക്കഞ്ഞിയിൽ**

- അന്നു നിലനിന്നിരുന്ന സാമൂഹിക അവസ്ഥകളോടുള്ള പ്രതികരണം/പ്രതിഷേധം/ജീവിതസമരങ്ങൾ
- അവകാശങ്ങൾ നേടിയെടുക്കാൻ ശബ്ദമുയർത്തുന്ന കോരൻ
- മുതലാളിമാരുടെ ചൂഷണത്തിന് ബലിയാടാകുന്ന കർഷകർ.
- മുതലാളിമാരെ ഭയന്ന് പ്രതിഷേധിക്കാൻ കഴിയാത്ത കർഷകത്തൊഴിലാളികൾ.

VI

**പുഷ്പവേലിൽ ഔസേപ്പ്**

- പ്രതിനായക കഥാപാത്രം
- കഠിനാധ്വാനം ചെയ്യുന്ന തൊഴിലാളികളെ അടിമകളായി കരുതുന്നു.
- തൊഴിലാളികളെ പിശാചുക്കളായി കരുതുന്നു.
- ചൂഷണം ചെയ്തുലഭിക്കുന്ന നെല്ല് കരിഞ്ചന്തയിൽ വിൽക്കുന്നു.
- അവരുടെ അഭ്യർത്ഥനകൾക്ക് വില കല്പിക്കാതെ ആട്ടിയോടിക്കുന്നു.
- തൊഴിലാളികളെ കുടിയൊഴിപ്പിക്കുന്നു, മർദ്ദിക്കുന്നു.
- നീചമായ ജന്മിത്തവ്യവസ്ഥിതിയുടെ പ്രതീകം
- സ്നേഹം, കാരുണ്യം തൊട്ടുതീണ്ടാത്ത പ്രകൃതം

**VII <u>പ്രതികരിക്കാം</u>**

- കോരൻ വിവാഹം കഴിഞ്ഞ് അച്ഛനെ ഉപേക്ഷിച്ച് ചിരുതയോടൊപ്പം അന്യനാട്ടിൽ കഴിയുന്നു.
- വർഷങ്ങൾക്കുശേഷം മകനെ അന്വേഷിച്ചെത്തുന്ന അച്ഛൻ
- ആരോഗ്യം ക്ഷയിച്ച അപ്പന്റെ അവസ്ഥ കണ്ട് ദുഃഖിക്കുന്ന മകൻ (കുറ്റബോധം)
- ഒരുനേരമെങ്കിലും അപ്പന് വയറുനിറച്ച് കഞ്ഞികൊടുക്കണം എന്ന് ആഗ്രഹിക്കുന്ന മകൻ
- വർത്തമാനകാലത്ത് ഇത്തരം ധാർമ്മികബോധം നഷ്ടമാകുന്നു
- മാതാപിതാക്കളെ സംരക്ഷിക്കാത്ത മക്കൾ ആധുനിക കാലത്ത് ഏറിവരുന്നു.

VIII **ആറുനാട്ടിൽ നൂറുഭാഷ**

- കുട്ടനാട്ടിലെ കർഷകത്തൊഴിലാളികളുടെ ഭാഷ
- പ്രദേശിക ഭാഷാഭേദം
- ഗ്രാമീണത, വിദ്യാഭ്യാസമില്ലാത്തവരുടെ വാമൊഴി

• കഥാപാത്രങ്ങളുടെ സ്വഭാവസവിശേഷതകൽ അറിയുന്നു
• ജീവിതസാഹചര്യം വ്യക്തമാക്കുന്നു.

IX

**കോരൻ**

• കേന്ദ്രകഥാപാത്രം
• പുഷ്പവേലിൽ ഔസേപ്പിന്റെ പണിക്കാരൻ
• കഠിനാധ്വാനി
• ഭാര്യയെ സംരക്ഷിക്കുന്ന കുടുംബനാഥൻ
• അവകാശങ്ങൾക്കുവേണ്ടി ശബ്ദമുയർത്തുന്നു
• അപ്പനെ സംരക്ഷിക്കാത്തതിൽ പശ്ചാത്തപിക്കുന്ന മകൻ

**ചിരുത**

• കോരന്റെ ഭാര്യ
• ഉത്തമയായ കുടുംബിനി
• ദാരിദ്ര്യത്തിലും സ്നേഹം പങ്കുവയ്ക്കുന്നു.
• ഇല്ലായ്മകളെ അതിജീവിക്കുന്നു

## ഓരോ വിളിയും കാത്ത്

I **ആശയം**

• കുടുംബബന്ധങ്ങളുടെ ഊഷ്മളത വ്യക്തമാക്കുന്ന യു.കെ.കുമാരന്റെ ചെറുകഥ
• അച്ഛന്റെ മരണത്തോടെ ഒറ്റപ്പെട്ടുപോയ അമ്മ
• അച്ഛനും അമ്മയും തമ്മിലുള്ള സ്നേഹബന്ധത്തിന്റെ ആഴം
• കിടപ്പിലായപ്പോൾ പോലും വീട്ടുകാര്യങ്ങളിൽ ശ്രദ്ധപുലർത്തിയിരുന്ന അച്ഛൻ
• അച്ഛന്റെ ഓരോ വിളിക്കും പിന്നാലെ ഓടിയിരുന്ന അമ്മ
• സാമൂഹിക ബന്ധങ്ങൾ കാത്തുസൂക്ഷിക്കുന്ന അച്ഛൻ
• അച്ഛൻ മരിച്ചിട്ടും അച്ഛന്റെ സാന്നിധ്യം ഉണ്ടായിരുന്ന വീട് വിട്ടുപോകാൻ തയ്യാറാകാത്ത അമ്മ

II **അച്ഛൻ**



III

**നാട്യപ്രധാനം നഗരം ദരിദ്രം**
**നാട്ടിൻപുറം നന്മകളാൽ സമൃദ്ധം**

| ഗ്രാമം | നഗരം |
|---|---|
| • നെന്റെ വീട്ടിലിരുന്നാൽ കൂമൻ മൂളുന്ന ഒച്ച കേക്കോ നീയ്യ് | • ഇല്ലച്ഛമ്മേ ഒന്നും കേക്കൂല്ല |
| • നല്ല പ്രകൃതി, ശുദ്ധം ശുദ്ധവായു നന്മ നിറഞ്ഞ മനസ്സ് | • ടീവിന്റെ ഒച്ച മാത്രമേ കേൾക്കാൻ പറ്റൂ |
| • അയൽപക്ക ബന്ധം | • ഒച്ചകൾ ബഹളങ്ങൾ ആധുനിക സാങ്കേതിക വിദ്യകൾ മലിനീകരണം - (ജലം, വായു) |
| • സാമൂഹിക ബന്ധങ്ങൾ | • പരസ്പരബന്ധങ്ങളുടെ അഭാവം |

IV വീട്



- ബാഹ്യസൗന്ദര്യമല്ല ഒരു വീടിനെ വീടാക്കി മാറ്റുന്നത്
- പരസ്പര സ്നേഹം, കരുതൽ, പങ്കുവയ്ക്കൽ, ഒരുമ എന്നിവയാണ് വീടിന്റെ അടിത്തറ.

V

**അച്ഛൻ**

- വീട്ടിലെ സജീവസാന്നിദ്ധ്യം
- കുടുംബത്തിലെ പ്രധാനി
- സാമൂഹികബന്ധം കാത്തുസൂക്ഷിക്കുന്നു
- അച്ഛനും അമ്മയും തമ്മിലുള്ള പരിഭവം പറച്ചിൽ
- ഹൃദ്യമായ കുടുംബബന്ധം സൂക്ഷിക്കുന്നു.

**അമ്മ**

- അച്ഛന്റെ മരണത്തോടെ ഒറ്റപ്പെടുന്നു.
- കഥയിലെ കേന്ദ്രകഥാപാത്രം
- അച്ഛനോടുള്ള കരുതൽ/ പരിഭവം/ നിഷ്കളങ്കത/പരസ്പര സ്നേഹം
- അച്ഛന്റെ നിർദ്ദേശങ്ങൾ അപ്പാടെ അനുസരിക്കുന്നു.
- അച്ഛന്റെ ഓരോവിളിക്കും പിന്നാലെ ഓടുന്നു
- വാർധക്യത്തിൽ ഒറ്റപ്പെടുന്നവരുടെ പ്രതിനിധി സ്നേഹബന്ധത്തിന്റെ ദൃഢത കാത്തുസൂക്ഷിക്കുന്നു.

## അമ്മത്തൊട്ടിൽ

### I **ആശയം**

- തെരുവിൽ ഉപേക്ഷിക്കപ്പെടുന്ന അനാഥരെ/ചോരക്കുഞ്ഞുങ്ങളെ സംരക്ഷിക്കുന്ന ഇടം. (കവിതയിൽ അമ്മയെ ഉപേക്ഷിക്കുന്ന ഇടം)
- ഭാര്യയുടെ നിർബന്ധത്തിനുവഴങ്ങി സ്വന്തം അമ്മയെ ഉപേക്ഷിക്കാൻ പുറപ്പെടുന്ന മകൻ
- യാത്രയിലുടനീളം മകനെ പിന്തുടരുന്ന അമ്മയോടൊപ്പം കഴിഞ്ഞിരുന്ന നല്ല ഓർമ്മകൾ

### II

| ബിംബങ്ങൾ | പൊരുളുകൾ |
|---|---|
| • മങ്ങിപ്പഴകിയ പിഞ്ഞാണവർണ്ണം | അമ്മയുടെ കണ്ണുകൾ (വാർദ്ധക്യം, രോഗാവസ്ഥ, മക്കൾക്കുവേണ്ടി അനുഭവിച്ച കഷ്ടതകൾ, കെട്ടകാലത്തെ കാഴ്ചകൾ കണ്ട് മടുത്ത കണ്ണുകൾ) |
| പെരുംമാളിന്റെ ഇപ്പെരുമാളിന്റെ | പുതുകാലത്തെ സംസ്കാരം (ഉപഭോഗസംസ്കാരം) വാങ്ങുക, ഉപയോഗിക്കുക വലിച്ചെറിയുക<br><br>[ഈശ്വരൻ (ഇഷ്ടകാര്യസിദ്ധിക്കായി ക്ഷേത്രത്തിൽ ജീവികളെ നടതള്ളുന്നു. ഇന്നത്തെ സമൂഹം മാളുകളെ ഈശ്വരതുല്യം കാണുന്നു.)] |
| പെറ്റുകിടക്കുന്ന തെരുവുപട്ടി | അമ്മയുടെ കരുതൽ (മാതൃപുത്രബന്ധത്തിന്റെ ഊഷ്മളത മിണ്ടാപ്രാണി മനുഷ്യന് നൽകുന്ന തിരിച്ചറിവ്) |
| • കുട്ടിയേകാന്തത കണ്ണുപൊത്തിക്കളിക്കുന്ന വിദ്യാലയം | • വിജനമായ സ്കൂൾമുറ്റം |
| • പിച്ചിയതാര്?..... കരിഞ്ഞൊരീകൈകൾ | വാർദ്ധക്യം ബാധിച്ച കൈകൾ. |
| • കരിന്തിരി | • ബുദ്ധിയുടെ തെളിമ. നഷ്ടപ്പെട്ട അമ്മ, മക്കൾക്കുവേണ്ടി എരിഞ്ഞു തീർന്നവൾ. |
| • സൂചിപ്രയോഗത്തിന്റെ നീറ്റൽ | • കുറ്റബോധത്തിന്റെ വേദന |

### III **രചന**

| | | | |
|---|---|---|---|
| 87 വയസ്സായ അമ്മയെ മകൻ ഉപേക്ഷിച്ചു | സ്വത്ത് നേടിയശേഷം മാതാപിതാക്കളെ വൃദ്ധസദനത്തിലാക്കി | സ്വത്തിനുവേണ്ടി അമ്മയെ കൊന്നു | അമ്മയെ അമ്പലനടയിൽ ഉപേക്ഷിച്ചു. |

## വാർദ്ധക്യത്തോടുള്ള അവഗണന

പ്രഭാഷണം

സൂചികകൾ

- സംബോധന
- ആമുഖം
- വിഷയാവതരണം
- പ്രതിപാദനം
- സമകാലികസംഭവങ്ങളുമായി ബന്ധിപ്പിക്കൽ
- സ്വന്തം നിരീക്ഷണം
- ഉപസംഹാരം
- ഉചിതമായ ഭാഷ
- ആശയക്രമീകരണം

| | |
|---|---|
| സംബോധന- | വേദിയെയും സദസ്സിനെയും മനസ്സിലാക്കി ഉള്ളത്. |
| ആമുഖം- | ആധുനിക കാലത്ത് വൃദ്ധരോടുള്ള സമൂഹത്തിന്റെ സമീപനം |
| പ്രതിപാദനം- | പാഠഭാഗത്തിന്റെ ആശയം, വൃദ്ധരോടുള്ള സമകാലികസമൂഹത്തിന്റെ സമീപനങ്ങൾ ഉദാഹരണസഹിതം. |
| സ്വന്തം നിരീക്ഷണം- | സന്ദേശം, വൃദ്ധരെ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത, ഉത്തരവാദിത്വം |
| ഉപസംഹാരം- | നാടിനും സമൂഹത്തിനും ഒട്ടേറെ സംഭാവന നൽകിയ പഴയതലമുറ, പഴമയുടെ അടിത്തറയിൽ പടുത്തുയർത്തുന്ന പുതുമകൾ, നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന മാനവികത തിരിച്ചുപിടിക്കൽ, സാഹിത്യകൃതികൾ മാനവിക മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്നു. |

## IV കവിയ്ക്കൊരു കത്ത്

- ഘടന
- സംബോധന
- അവതരണം
- ആശയം
- കാവ്യപരമായ സൗന്ദര്യം
- വൈകാരിക തീവ്രത
- സ്വാഭാവികമായ ഭാഷ

നാം പരിചയപ്പെട്ട കവിതയുടെ ആസ്വാദനം കത്തിന്റെ രൂപത്തിൽ കവിയെ അറിയിക്കാം.

# യൂണിറ്റ്-2
# നിലാവുപെയ്യുന്ന നാട്ടുവഴികൾ

പാഠഭാഗങ്ങൾ

1. കൊച്ചുചക്കരച്ചി
2. ഓണമുറ്റത്ത്
3. ശ്രീനാരായണഗുരു
4. കോഴിയും കിഴവിയും

I

| സാഹിത്യകാരൻ | കൃതി | പ്രസ്ഥാനം |
|---|---|---|
| എ.പി. ഉദയഭാനു | കൊച്ചുചക്കരച്ചി | ഉപന്യാസം |
| വൈലോപ്പിള്ളി ശ്രീധരമേനോൻ | ഓണമുറ്റത്ത് (വിട) | കവിത |
| കുറ്റിപ്പുഴ കൃഷ്ണപിള്ള | ശ്രീനാരായണഗുരു | ലേഖനം |
| കാരൂർ നീലകണ്ഠപിള്ള | കോഴിയും കിഴവിയും | ചെറുകഥ |

II **നല്ല നാട് - പ്രവേശകം**

നല്ല ചുറ്റുപാട്
പ്രകൃതി സൗന്ദര്യം
സ്നേഹമുള്ള മനുഷ്യർ
നല്ല നാട്ടുകാർ നാടിനെ നല്ലതാക്കുന്നു.
നാട്ടിലെ മനുഷ്യരുടെ മോശമായ പ്രവർത്തനങ്ങൾ നാടിനെ ചീത്തയാക്കുന്നു.

## കൊച്ചുചക്കരച്ചി

I **ആശയം**

- വൃക്ഷങ്ങളിൽ മാവുതന്നെ ശ്രേഷ്ഠം
- മാങ്ങയും മാങ്ങാക്കാലവും മലയാളികൾക്ക് ഏറെ പ്രിയങ്കരം
- മാവിൻചോട്ടിലെ കളികൾ
- സാഹിത്യകാരന്മാർക്കും കവികൾക്കും പ്രചോദനമേകിയ മാവ്
- കുടുംബാംഗമായി മാറിയ മാവ്
- മാവുമായുള്ള ആത്മബന്ധം
- മാവ് ചതിക്കില്ല എന്ന വിശ്വാസം

## II ഞാനും ഒരു മനുഷ്യൻ

കൊച്ചുചക്കരച്ചി

- മുത്തശ്ശിയെപ്പോലെ തലമുറയുടെ കഥ പറയുന്നു.
- കുട്ടികളെപ്പോലെ അരുമയായി തീർന്നവൾ
- നേരുള്ളവൾ, ചതിക്കാത്തവൾ
- കുലശ്രേഷ്ഠകൾ
- നിബിഡവും ശ്യാമളവുമായ തലമുടിയുള്ളവൾ
- രണ്ടു ചക്കരച്ചികൾ, സഹോദരങ്ങൾ (കൊച്ചുചക്കരച്ചി, വലിയ ചക്കരച്ചി)

## III വൃക്ഷരാജാവ് ഞാൻ തന്നെ

•മാവ് പൂക്കുന്നത് നാട്ടിൻപുറത്തെ ഉത്സവം
•ഉണ്ണിമാങ്ങ മുതലുള്ള ഭക്ഷ്യവസ്തുക്കൾ
•കവികൾക്കും സാഹിത്യകാരന്മാർക്കും പ്രചോദനം (ചൂതസായകൻ, മാമ്പഴം കവിത)
•മാവ് ചതിക്കില്ല എന്ന വിശ്വാസം.

## IV മാവ്-എന്റെ കുടുംബാംഗം

- അമ്മയും മാവും തമ്മിലുള്ള സൗഹൃദം
- വീട്ടിലെ ഒരംഗം
- മാവ് മുറിക്കുവാൻ തുനിയുമ്പോൾ തടയുന്നു
- മാവ് ചതിക്കില്ലെന്ന് ഉറച്ച വിശ്വാസം
- കാറ്റും മഴയും വരുമ്പോൾ പൂമുഖത്ത് പോയിരിക്കുന്നു.
- അമ്മയുടെ വിശ്വാസം പോലെ അപകടരഹിതമായി മാവ് വീഴുന്നു.

V ലളിതമായ ഭാഷ-വായനക്കാരന്റെ ഹൃദയത്തിലേക്കുള്ള പാത
ഉപന്യാസം
ഘടന
ഉചിതമായ തലക്കെട്ട്
ആകർഷകമായ ആമുഖം
ഉചിതമായ ഭാഷ
ഖണ്ഡികാകരണം
ആഖ്യാനത്തിലെ തുടർച്ച
വിഷയവിശകലനം
ഉപസംഹാരം

**എ.പി. ഉദയഭാനുവിന്റെ രചനാശൈലി**

- ഏതൊരു സാഹിത്യത്തെയും ഭാവസുന്ദരമാക്കുന്നതിനുള്ള ഭാഷയുടെ കഴിവ് (ലളിതമായ ഭാഷ)
- അനുഭവരസികതയോടെയുള്ള വർണ്ണന (ജീവിതഗന്ധി)- ഉദാ:- കർക്കിടകമാസത്തിലെ കറുത്ത വാവിൻ..... വേർപാടിന്റെ ബോധത്തെയും, വേദനയെയും ഉൽക്കടമാക്കിത്തീർത്തു)
- ഗ്രാമീണപദങ്ങളുടെ ഉപയോഗം (ഉദാ: കുരുടിച്ചി, പുളിച്ചി, കൊതിയസമാജം)
- നാട്ടറിവുകളുടെ ശേഖരം (ഉദാ: ഉണ്ണിയിടൽ, അണ്ണാൻ പിറന്നാൾ)
- നർമ്മം കലർത്തിയ അവതരണരീതി
  (ഉദാ: അണ്ണാൻകുഞ്ഞേ, കാക്കക്കെഴുവേറി)
- കാവ്യസുന്ദരമായ ഭാഷ (“പൂത്തിരി കത്തിച്ചതുപോലെയുള്ള മാമ്പൂക്കുല ഒടിച്ച്.... കവിതാങ്കണത്തിൽ ഓടിയെത്തിയ വൈലോപ്പിള്ളി”

## ഓണമുറ്റത്ത്

### I ആശയം

- മലയാളദേശം ഓണത്തെ സ്വീകരിക്കുന്നു
- പഴയൊരു പുള്ളുവനായ കവി
- തനിമയാർന്ന സാംസ്കാരികപൈതൃകത്തിലുള്ള കവിയുടെ അഭിമാനബോധം കവിയെ പുള്ളുവനാക്കി മാറ്റുന്നു.
- നഗരസംസ്കാരത്തിന്റെ അധിനിവേശത്താൽ നാടുകടത്തപ്പെടുന്ന നാട്ടുനന്മകളെ വിളിച്ചുണർത്തുന്ന ദൗത്യമാണ് കവിയ്ക്കുള്ളത്.
- പരിഷ്കാരികൾ പരിഹസിച്ചേക്കുമെങ്കിലും കവിയുടെ ആത്മാഭിമാനത്തെ തളർത്താൻ അവർക്ക് കഴിയുന്നില്ല.

### II വരവേൽപ്പ്

തുമ്പ (മലരിൻ കൂടനിറച്ച് വിറച്ച്)



മുക്കുറ്റി (തിരികൾ തെറുത്ത് കൊളുത്താൻ മുഹൂർത്തം കാത്ത് നിൽക്കുന്നു)

നെയ്യാമ്പലുകൾ (വെള്ളിത്താലമെടുത്ത്)

## III പ്രകൃതിയിൽ മാനുഷിക വിഭവങ്ങൾ കാണുമ്പോൾ

| | | |
|---|---|---|
| തുമ്പ | ⟶ | പൂക്കൂട നിറച്ച് തൊഴുത് വിറച്ചുനിൽക്കുന്നു. |
| മുക്കുറ്റി | ⟶ | (തിരികൾ തെറുത്ത് കുഴഞ്ഞ കൈവിരലുകൾ, തിരികൾ കൊളുത്താൻ മുഹൂർത്തം കാത്ത് നിൽക്കുന്നു) |
| നെയ്യാമ്പലുകൾ | ⟶ | ഉറങ്ങാതെ താലപ്പൊലിയേന്തി നിൽക്കുന്നു. |
| പ്രഭാതം | ⟶ | ചങ്ങലവട്ടയിലെ തിരിനാളം ചുവന്ന വിരൽകൊണ്ട് നീട്ടി, കവിൾ തുടുത്തും കടന്നുവരുന്ന പെൺകുട്ടി. |

### ഓണവും പുള്ളുവനും

- നാടോടി സംസ്കാരത്തിന്റെ ഭാഗമാണ് ഓണവും പുള്ളുവനും (ഓണക്കാലത്ത് പുള്ളുവർ വീടുകളിൽ കയറി പാടുന്ന പതിവ് ഉണ്ടായിരുന്നു. ഇന്നും പലയിടങ്ങളിലും നിലനിൽക്കുന്നു)
- തിന്മകളെ ഒഴിവാക്കി നന്മകളെ കുടിയിരിത്തുന്നവയാണ് പുള്ളുവൻപാട്ടുകൾ
- പഴയ സംസ്കാരങ്ങളുടെ മൂല്യങ്ങളിൽ ഉറച്ചുവിശ്വസിക്കുന്ന കവി.
- കാർഷികസംസ്കാരത്തിന് ഉണർവ്വ് നൽകുന്ന ഉണർത്തുപാട്ട്
- പഴയ സംസ്കാരങ്ങളെ പിന്തള്ളുകയും പരിഹസിക്കുകയും ചെയ്യുന്ന പുതുതലമുറ
- പഴയ പുള്ളുവൻ (പാരമ്പര്യത്തിന്റെ നന്മയുള്ളവൻ) എന്നതിൽ കവി അഭിമാനിക്കുന്നു.

## I കോഴിയും കിഴവിയും

- കളങ്കമില്ലാത്ത ജനങ്ങൾ
- നന്മ സൂക്ഷിക്കുന്നവർ
- അയൽപക്ക ബന്ധങ്ങളിലെ ഊഷ്മളത
- ചരാചരങ്ങളുമായുള്ള ബന്ധം
- മത്തായിയും മർക്കോസും അയൽപക്കക്കാർ
- മത്തായിയുടെ വളർച്ചയുടെ പിന്നിൽ മർക്കോസിന്റെ കുടുംബത്തിന്റെ സഹായം ഉണ്ടായിരുന്നു.
- മത്തായി അതു മറന്ന് മർക്കോസിന്റെ കുടുംബം തകർക്കാൻ ശ്രമിക്കുന്നു.
- മാർക്കോസിന്റെ മകന്റെ ഏറുകൊണ്ട് ചത്ത മത്തായിയുടെ കോഴി ഇരുവീട്ടുകാരും തമ്മിലുള്ള കലഹത്തിന് കാരണമായി
- മാർക്കോസിനെ കള്ളക്കേസിൽ കുടുക്കാൻ ശ്രമിച്ചെങ്കിലും മത്തായിയുടെ അമ്മയുടെ സമയോചിതമായ ഇടപെടൽ അതു തടഞ്ഞു.
- മത്തായിയുടെ അമ്മയുടെ ഇടപെടലിൽ നിന്ന് നാട്ടുനന്മകൾ മരിക്കുന്നില്ലെന്ന് കഥാകാരൻ പറയുന്നു.

II നന്മയുള്ള അമ്മ

**നന്മയുള്ള അമ്മ**

- ശക്തമായ കഥാപാത്രം
- കഥയുടെ ഗതിയേയും സമാപനത്തെയും മാറ്റിമറിക്കുന്നു
- മൂല്യങ്ങൾ കാത്തുസൂക്ഷിക്കുന്നു
- കഥയിൽ കുറഞ്ഞ സാന്നിധ്യം
- സത്യസന്ധതയുടെയും നന്മയുടെയും പ്രതീകം
- അധ്വാനശീല

**III <u>പേരിനൊപ്പം സഞ്ചരിക്കുന്ന കഥ</u>**

കഥയ്ക്ക് കാരണമാകുന്നത് കോഴി
കഥാഗതിയെ നിയന്ത്രിക്കുന്നത് കിഴവി

**I <u>ശ്രീനാരായണഗുരു</u>**

- ശ്രീനാരായണഗുരുവിന്റെ സന്ദേശങ്ങൾക്ക് ഏതുകാലത്തും ഏതുദേശത്തും പ്രസക്തിയുണ്ട്.
- മറ്റ് സന്യാസിമാരിൽ നിന്നും വ്യത്യസ്തനാണ് ശ്രീനാരായണഗുരു.
- ശ്രീനാരായണഗുരു തന്റെ കഴിവുകളെ സമൂഹത്തിന്റെ ഉന്നമനത്തിനായി ഉപയോഗിച്ചു.
- മനുഷ്യജാതി എന്ന വിശ്വവിശാലമായ ആശയം അവതരിപ്പിച്ചു.
- അന്ധവിശ്വാസങ്ങളെയും, മൂഢാചാരങ്ങളെയും എതിർത്ത് വിപ്ലവം സൃഷ്ടിച്ചു.
- എല്ലാ മതനദികളും ചെന്നുചേരുന്നത് മനുഷ്യമഹത്വത്തിലാണ് എന്ന ബോധം പകർന്നു.
- കേരളത്തെ ജാതിയാകുന്ന പാതാളത്തിൽ നിന്ന് ഉയർത്തി.

II ഗുരുദർശനങ്ങൾ

**ശ്രീനാരായണഗുരു**

- നിങ്ങളൊരു വൃക്ഷം നടുക ഫലവും ആകും. തണലും ആകും
- പല മതത്തിന്റെയും സാരം ഒന്നുതന്നെ
- ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യന്
- കൃപാലുക്കൾ ചെയ്യുന്ന കർമ്മം സ്വഹിതത്തിനല്ല പരഹിതത്തിനാണ്.
- മതമേതായാലും മനുഷ്യൻ നന്നായാൽ മതി

## III ഗുരുദർശനങ്ങളും ആധുനിക കാലവും

- ജാതീയമായ വേർതിരിവുകൾ നിറഞ്ഞുനിന്നകാലത്ത് ശ്രീനാരായണദർശനങ്ങൾ വഴികാട്ടിയായി.
- താഴേത്തട്ടിലുള്ളവരെ കൈപിടിച്ചുയർത്തി
- അന്ധവിശ്വാസങ്ങളെ ഇല്ലാതാക്കി
- മനുഷ്യൻ നന്നായാൽ എല്ലാം നന്നാകും എന്ന ആശയം സമൂഹത്തിന് നൽകി.
- വിദ്യാഭ്യാസം, തൊഴിൽ, വ്യവസായം, സംഘടന, ജീവിതശുദ്ധി തുടങ്ങിയ മാർഗ്ഗങ്ങളിലൂടെ അധസ്ഥിതവർഗ്ഗത്തെ ഉദ്ധരിച്ചു.
- ഒരു സമൂഹത്തിനോ വിഭാഗത്തിനോ വേണ്ടി നിലകൊള്ളാതെ മനുഷ്യർക്കു വേണ്ടി നിലകൊണ്ടു.

# യൂണിറ്റ്-3
# വാക്കുകൾ വിടരുന്ന പുലരികൾ

പാഠങ്ങൾ

1. പത്രനീതി
2. പണയം
3. അമ്മയുടെ എഴുത്തുകൾ

**I പ്രവേശകം**

- തത്തയിലൂടെ അയ്യപ്പപ്പണിക്കർ സമൂഹത്തിന് ഉപദേശം നൽകുന്നു.
- നന്മകൾ കേട്ടതും കണ്ടതും പറയാൻ നമുക്കു കഴിയണം. അതുപോലെ തിന്മകൾ കണ്ടാൽ പ്രതികരിക്കാനും കഴിയണം.
- നന്മകൾ മാത്രമല്ല നിരവധി പ്രശ്നങ്ങളുള്ള ലോകത്താണ് നാം കഴിയുന്നത്.
- ശക്തമായ ഭാഷയിലൂടെ മാധ്യമങ്ങൾക്ക് ഇത്തരം പ്രശ്നങ്ങൾക്കെതിരെ പ്രതികരിക്കാൻ കഴിയും.

**II പട്ടിക**

| സാഹിത്യകാരൻ | കൃതി | പ്രസ്ഥാനം |
|---|---|---|
| സുകുമാർ അഴീക്കോട് | പത്രിനീതി (നവയാത്രകൾ) | ലേഖനം |
| ഇ. സന്തോഷ്കുമാർ | പണയം | കഥ |
| വി. മധുസൂദനൻനായർ | അമ്മയുടെ എഴുത്തുകൾ | കവിത |

## പത്രനീതി

**II ആശയം**

- ജനമനസ്സുകളിൽ മാധ്യമങ്ങൾ സൃഷ്ടിക്കുന്ന സ്വാധീനം വളരെ വലുതാണ്.
- നന്മതിന്മകൾ മനസ്സിലാക്കാൻ മാധ്യമങ്ങൾക്ക് കഴിയണം.
- സാമൂഹികനന്മ ലക്ഷ്യമാക്കി പ്രവർത്തിക്കണം
- തിന്മകൾക്കെതിരെ പ്രതികരിക്കണം
- തിരുത്തൽ ശക്തിയാവണം
- രാഷ്ട്രീയത്തിലെ നാലാമത്തെ മഹാശക്തിയാണ് പത്രങ്ങൾ.
- നല്ല പത്രമുണ്ടെങ്കിൽ ഭരണാധികാരികളുടെ ആവശ്യമില്ല. പത്രങ്ങൾ ലോകത്തെ നയിച്ചുകൊള്ളും.
- ഇന്ന് പലപ്പോഴും പത്രങ്ങൾ സത്യത്തെ വളച്ചൊടിക്കുന്ന അവസ്ഥയുണ്ട്.
- സത്യസന്ധമായി പത്രധർമ്മം നിർവ്വഹിക്കേണ്ടത് വളരെ അത്യാവശ്യമാണ്.
- ലേഖകൻ പല പത്രങ്ങൾ വയിക്കുന്നു. സത്യം തിരിച്ചറിയുന്നതിനുവേണ്ടി.


**IV പത്രധർമ്മം-മുഖപ്രസംഗം - (എഡിറ്റോറിയൽ)**

പരിഗണിക്കേണ്ടവ

- പത്രനീതി-സത്യം, ധർമ്മം, ന്യായം
- പത്രങ്ങളുടെ കച്ചവടമനോഭാവം

- പത്രാധിപരുടെ ആത്മാർത്ഥത, സത്യസന്ധത
- വാർത്തകളുടെ നേരായ അവതരണം.
- നല്ല പത്രങ്ങൾക്ക് ലോകത്തെ നയിക്കാൻ കഴിയും.
- ഇന്നത്തെ പത്രങ്ങളുടെ നിലപാടുകൾ (രാഷ്ട്രീയം, വർഗീയത, സമ്പത്ത് എന്നിവയുടെ പുറകെപോകുന്നു)
- നിഷ്പക്ഷത മുഖമുദ്രയാകണം.

V ആധുനിക ലോകത്ത് നവമാധ്യമങ്ങൾ ചെലുത്തുന്ന സ്വാധീനം




I <u>പണയം</u>

- റേഡിയോ എന്ന മാധ്യമം ഒരുകാലത്ത് സമൂഹത്തിൽ ചെലുത്തിയിരുന്ന സ്വാധീനം.
- ജീവിതത്തിന്റെ രണ്ടറ്റവും കൂട്ടിമുട്ടിക്കാൻ പ്രയാസപ്പെടുന്ന ദരിദ്രനായ തയ്യൽക്കാരൻ-ചാക്കുണ്ണി
- ചാക്കുണ്ണി ഏറെ ബുദ്ധിമുട്ടുകൾ സഹിച്ച് ഒരു റേഡിയോ സ്വന്തമാക്കുന്നു.
- ചാക്കുണ്ണിയുടെ ജീവിതത്തിന്റെ ഭാഗമായിത്തീർന്ന റേഡിയോ അയാളുടെ ഇളയകുട്ടിയുടെ ചികിത്സയ്ക്കായി ചെമ്പുമത്തായിക്ക് പണം വയ്ക്കുന്നു.
- മാനുഷികമൂല്യങ്ങൾക്കും കലയ്ക്കും ജീവിതത്തിൽ യാതൊരു മൂല്യവും കല്പിക്കാത്ത വ്യക്തിയാണ് ചെമ്പുമത്തായി.
- പാരമ്പര്യമായി സ്വർണ്ണപണയത്തിന്മേൽ പണം നൽകുന്ന കുടുംബമാണ് ചെമ്പുമത്തായിയുടേത്.
- റേഡിയോ നഷ്ടമാകുന്നതോടെ ചാക്കുണ്ണിയുടെ തൊഴിലിന്റെ താളം തെറ്റുന്നു
- മകന്റെ വേർപാട് മനസ്സിന്റെ വേദന വർദ്ധിപ്പിക്കുന്നു.

## II താരതമ്യം (കഥാപാത്ര നിരൂപണം)

| ചാക്കുണ്ണി | ചെമ്പുമത്തായി |
|---|---|
| • കലാഹൃദയമുള്ളവൻ | • കലകൾക്ക് ജീവിതത്തിൽ സ്ഥാനം നൽകാത്തവൻ |
| • ദരിദ്രനായ തയ്യൽക്കാരൻ | • പണത്തോട് ആർത്തി |
| • കഷ്ടതകൾ നിറഞ്ഞ ജീവിതം | • മാനുഷിക മൂല്യങ്ങൾക്ക് വില കല്പിക്കാത്തവൻ |
| • മക്കളോടുള്ള വാത്സല്യം | • മക്കളെ തല്ലിവളർത്തണം എന്ന പക്ഷക്കാരൻ |
| • തൊഴിലിനോട് ആത്മാർത്ഥ | • കൊള്ളപ്പലിശക്കാരൻ |

## III പ്രതികരിക്കാം

ചെമ്പുമത്തായിയുടെ ജീവിതം ധനസമ്പാദനത്തിനുവേണ്ടി മാത്രമാണ്.
കലകൾക്ക് ഇത്തരക്കാരുടെ മനസ്സിൽ സ്ഥാനമില്ല.
കലാസ്വാദനത്തിനായി ചെലവിടുന്ന സമയം പണം സമ്പാദിക്കാൻ വിനിയോഗിക്കണമെന്ന് ഇവർ വാദിക്കുന്നു.
ജീവിതത്തിൽ പണം മാത്രം മതിയോ?

പ്രതികരിക്കൂ...

## ഞാനും ഒരു കഥാപാത്രം-റേഡിയോ

- റേഡിയോ പണയം എന്ന കഥയിൽ ജീവനുള്ള ഒരു കഥാപാത്രമായി നില കൊള്ളുന്നു.
- കേന്ദ്രകഥാപാത്രമായ ചാക്കുണ്ണിക്ക് മാത്രമല്ല നാട്ടുകാർക്കും റേഡിയോ പ്രിയങ്കരമാകുന്നു.
- ചാക്കുണ്ണിയുടെ തൊഴിലിന്റെ താളമായി റേഡിയോ മാറുന്നു.
- ചാക്കുണ്ണിയുടെ ജീവിതത്തെ നിയന്ത്രിക്കുക മാത്രമല്ല കഥാഗതിയിൽ തന്നെ സജീവമായി ഇടപെടുകയാണ് റേഡിയോ എന്ന കഥാപാത്രം.

# അമ്മയുടെഎഴുത്തുകൾ

## I ആശയം

- വിശുദ്ധമായ മാതൃത്വത്തിന്റെ ഓർമ്മകളും അമ്മയോടൊപ്പമുണ്ടായിരുന്ന നല്ല കാലങ്ങൾ നഷ്ടമായതിന്റെ വേദനയും പ്രകടമാക്കുന്നു.
- അമ്മയുടെ പ്രിയപ്പെട്ട എഴുത്തുകൾ ഭാര്യയുടെ നിർദ്ദേശപ്രകാരം പിന്നിലെ ചായ്പ്പിൽ ഇരുമ്പുപെട്ടിയിലേക്ക് മാറ്റുവാൻ നിർബന്ധിതനാകുന്ന മകൻ.
- അമ്മയുടെ എഴുത്തുകളിൽ വാത്സല്യം, സാരോപദേശങ്ങൾ, പ്രാർത്ഥന, വീട്ടുവഴക്കുകൾ, നാട്ടുവർത്തമാനങ്ങൾ, മരുന്നുകുറിപ്പുകൾ എന്നിവയെല്ലാം അടങ്ങിയിരിക്കുന്നു.
- അമ്മ തന്നെയാണ് മാതൃഭാഷ.
- അമ്മയോടുള്ള അവഗണന മാതൃഭാഷയോടുള്ള അവഗണനതന്നെയായി മാറുന്നു.

## II അമ്മയുടെ എഴുത്തുകൾ പകരുന്ന അനുഭവങ്ങൾ

- നാട്ടുപുരാണങ്ങൾ, വീട്ടുവഴക്കുകൾ, ഉത്സവകാര്യങ്ങൾ, കൃഷി, മരുന്നുകുറിപ്പുകൾ
- വാത്സല്യം, ഉത്കണ്ഠ, ഉപദേശം

- നാദം, തേൻ, സ്പന്ദനം എന്നിവയെല്ലാമായി അനുഭവപ്പെടുന്നു
- അമ്മയിൽ നിന്നുള്ള സന്ദേശങ്ങൾ ഗർഭസ്ഥശിശുവിന് നാഭിയിലെ ചലനമായും നവജാതശിശുവിന് നാവിൽ പുരട്ടിയ തേനായും പിന്നീട് വാത്സല്യമൊഴികളായും പകർന്നുകിട്ടുന്നു. അതിന്റെ തുടർച്ചയാണ് ഈ കത്തുകൾ.

| | ബിംബങ്ങൾ | | പൊരുളുകൾ |
|---|---|---|---|
| II | അമ്മതൻ ചിൻമുദ്ര [redacted] | | മാതൃത്വം ഈശ്വരീയമാണ് |
| | നാവിലെത്തേൻ | - | മാതൃഭാഷയുടെ മാധുര്യം |
| | നാഭിയിലെ സ്പന്ദനം | - | അമ്മയും മക്കളും തമ്മിലുള്ള ആത്മബന്ധം |
| | ഉള്ളെഴുത്തുകൾ | - | ഉള്ളിലെ സത്യം, ഹൃദയങ്ങൾ തമ്മിലുള്ള ബന്ധം |
| | ആതിഥ്യശാലയിലെ ആദിമസംഗീതം | - | അന്യഭാഷാസംസ്കാരത്തെ മറികടക്കുവാൻ മാതൃഭാഷയ്ക്കുള്ള കുളിർമ്മ. |
| | പിൻപേ പറക്കും കുളിർമ- | | അമ്മയും മാതൃഭാഷയും എപ്പോഴും കൂടെയുണ്ട്. |
| | രക്തത്തിലെ ചൂടായി നിൽക്കുന്ന നന്മയും താളവും | - | പറഞ്ഞറിയിക്കാൻ പറ്റാത്ത മാതൃസ്നേഹം. |

## IV മാതൃഭാഷയും മാതാവും

**മാതൃഭാഷ-മാതാവ്**

- തായ്മൊഴി, തായ്മനസ്സ്, തായ്ച്ചൊല്ല്
  ഈ വാക്കുകൾ മാതൃഭാഷയെക്കൂടി സൂചിപ്പിക്കുന്നു.
- ഓരോന്നിനോരോമൊഴിച്ചന്തം
- നേരിന്റെ ഈണവും താളവും ഇമ്പവും
- തൊട്ടുവായിക്കൽ, നാവിലുതിർക്കുന്ന ചൊല്ലുകൾ
- സംസ്കാരവും വിജ്ഞാനവും കൃത്യമായി പകർന്നുനൽകുവാൻ മാതൃഭാഷയ്ക്കേ കഴിയൂ. (അമ്മ വിളമ്പിത്തരുന്ന ഭക്ഷണം)
- അമ്മയിൽ നിന്നകലുന്ന കുട്ടികൾ മാതൃഭാഷയിൽ നിന്നുകൂടി അകലുന്നു.